<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 248</u> <u>07-10-2024 - ൽ മറുപടിയ്ക്ക്</u>

<u>വയനാട് ജില്ലയിലെ പ്രകൃതിദുരന്തത്തിൽപ്പെട്ടവരുടെ അടിയന്തര ചികിത്സ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് ജില്ലയിലുണ്ടായ പ്രകൃതിദുരന്തത്തിൽ അകപ്പെട്ട് പരിക്ക് പറ്റിയവർക്ക് അടിയന്തര ചികിത്സ ഉറപ്പുവരുത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | **വയനാട് ജില്ലയിലുണ്ടായ പ്രകൃതി ദുരന്തം സംഭവി.<br>ആദ്യ മണിക്കൂറുകളിൽ തന്നെ സംസ്ഥാ<br>തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പി.<br>ചികിത്സ, റഫറൽ പ്രോട്ടോകോളുകൾ നിശ്ചയി.<br>ഗുരുതരമായി പരുക്കേറ്റവർക്ക് ദുരന്ത സ്ഥലത്തി<br>ഏറ്റവും അടുത്തുള്ള ആശുപത്രി എന്ന നിലയി<br>മേപ്പാടി ഡോ. മൂപ്പൻസ് മെഡിക്കൽ കോളേ<br>ആശുപത്രിയിലും, സ്റ്റെബിലൈസ് ചെയ്തവ<br>വൈത്തിരി, സുൽത്താൻ ബത്തേരി താലൂ<br>ആശുപത്രികളിലും, കല്പറ്റ ജനറൽ ആശുപത്രിയി<br>എത്തിച്ചു അടിയന്തര ചികിത്സ ഉറപ്പുവരുത്ത<br>അതീവ ഗുരുതരാവസ്ഥയിലുള്ള കുട്ടി<br>കോഴിക്കോട് മെഡിക്കൽ കോളേ<br>ആശുപത്രിയിൽ ചികിത്സ നൽകിയിട്ടുണ്ട്. ഇ<br>കൂടാതെ ആരോഗ്യ വനിതാ ശിശുവികസന വകു<br>മന്ത്രി തലത്തിൽ നൽകിയ നിർദേശ പ്രകാ<br>ദുരന്ത മുഖത്ത് നിന്നും കൊണ്ട് വരുന്ന അടിയന്തി<br>ചികിത്സ ആവശ്യമായ ആളുകൾക്ക് ചികിത<br>ഉറപ്പ വരുത്തുന്നതിന് വേണ്ടി താത്കാലി<br>ക്ലിനിക് ചൂരൽ മലയിൽ സജ്ജീകരിച്ചു. ഇവി<br>ഡോക്ടർമാർ , സ്റ്റാഫ് നേഴ്സുമാർ, പാരാമെഡിക്ക<br>ജീവനക്കാർ, പ്രാഥമിക ചികിത്സയ്ക്ക് ആവശ്യമാ<br>മരുന്നുകൾ , മറ്റു ആവശ്യ സംവിധാനങ്ങ<br>എന്നിവ ഉറപ്പാക്കി. മേപ്പാടി പോളിടെക്നി<br>കോളേജിൽ പത്ത് കിടക്കകൾ ഉള്ള താത്കാലി<br>ആശുപത്രി സജ്ജീകരിച്ചു. ഓക്സിജ<br>ഉൾപ്പെടെയുള്ള ആരോഗ്യ-സേവ<br>സംവിധാനങ്ങൾ ഈ ആശുപത്രിയി<br>സജ്ജീകരിച്ചു. ഇതുകൂടാതെ ചൂരൽമല ടൗണിലും<br>ബെയിലി പാലം പൂർത്തിയായ സാഹചര്യത്തി<br>മുണ്ടക്കൈ മദ്രസ്സയിലും താല്ക്കാലിക ആശുപ്ര** |

| | | | |
|---|---|---|---|
| | | | **സജ്ജീകരിച്ചു. ഇവിടെ രക്ഷാ പ്രവർത്തകൾക്ക വേണ്ടി അടിയന്തര വൈദ്യസഹായവു പ്രതിരോധ മരുന്ന് വിതരണവും ഉറപ്പുവരുത്ത ആരോഗ്യ വകുപ്പുമന്ത്രി, ആരോഗ്യവകു അഡീഷണൽ ചീഫ് സെക്രട്ടറി, ദേശീ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ട ആരോഗ്യവകുപ്പ് ഡയറക്ടർ തുടങ്ങിയവ പ്രവർത്തനങ്ങൾ ഏകോപിപ്പി ആരോഗ്യവകുപ്പിനും, മെഡിക്കൽവിദ്യാഭ്യാ വകുപ്പിനും കീഴിലുള്ള വിവിധ മെഡിക്ക കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളി നിന്നും ജനറൽ സർജറി, ഓർത്തോ പീഡിയ ഫോറൻസിക് മെഡിസിൻ, കമ്യൂണി മെഡിസിൻ തുടങ്ങിയ വകുപ്പുകളി ഡോക്ടർമാരേയും മറ്റ് പാരാമെഡിക്ക ജീവനക്കാരെയും ഉൾപ്പെടുത്തി വിവിധ ടീമുകളാ വയനാട്, നിലമ്പൂർ എന്നിവിടങ്ങളിലേ അയക്കുകയും സേവനം ലഭ്യമാക്കുകയും ചെയ്തിട്ടു പോസ്റ്റ്മോർട്ടം നടപടികൾ വേഗത്തിലു കാര്യക്ഷമമാവുമായി നടപ്പാക്കുന്നതിന് മേപ്പാ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂ പ്രവർത്തിക്കുന്ന താല്ക്കാലിക പോസ്റ്റ്മോർ യൂണിറ്റ് സജ്ജമാക്കി.പോസ്റ്റ്മോർ നടപടികൾക്കായി ജില്ലയി മെഡിക്കൽകോളേജ് ഉൾപ്പെടെയുള്ള മ ആശുപത്രികളിൽ നിന്നും കോഴിക്കോട്, കോട്ടയ ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളി നിന്നും വിദഗ്ധ ഫോറൻസി സർജൻമാരുടേയും, ആരോ പ്രവർത്തകരുടേയും സേവനം ഉറപ്പുവരുത്ത ഇതോടൊപ്പം നിലമ്പൂർ ജില്ലാ ആശുപത്രിയിലെ പ്രത്യേക ടീമിനെ നിയോഗിച്ച് പോസ്റ്റ്മോർ നടപടികൾ ക്രമീകരിച്ചു.പോസ്റ്റ്മോർട്ടത്തിനൊ മൃതദേഹം തിരിച്ചറിയൽ, ഡി.എൻ.എ സാമ്പി ശേഖരണം എന്നിവ നടത്തുകയും മൃതദേഹങ്ങളും ശരീര ഭാഗങ്ങളും കൃത്യമായി നമ്പർ രേഖപ്പെടുത്ത യഥാവിധി കൈമാറുകയും ചെയ്തിട്ടുണ്ട്. ദുര മുഖത്ത് മൃതദേഹ പരിചരണം, സാംക്രമി രോഗങ്ങൾ പടർന്ന് പിടിക്കുന്നത് തടയുന്നതിനുള പ്രവർത്തനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്.** |
| (ബി) | അപകടത്തിൽപ്പെട്ടവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനും, ആശുപത്രികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | പുനരധിവാസ കേന്ദ്രങ്ങളിലും മറ്റും കഴിയുന്നവരെയും സമീപപ്രദേശവാസികളെയും ചികിത്സിക്കുന്നതിനും മാനസിക പിന്തുണ നൽകുന്നതിനും ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ആരോഗ്യ വകുപ്പിന്റെ ചരിത്രത്തിൽ ഏറ്റവ വിപുലമായ മാനസികാരോഗ്യ പരിപാടിയാ ചൂരൽമലയിൽ നടപ്പിലാക്കുന്നത്. പുനരധിവാസ കേന്ദ്രങ്ങളിൽ കഴിയുന്നവരെയും സമീ പ്രദേശവാസികളെയും ചികിൽസിക്കുന്നതിനു മാനസിക പിന്തുണ നൽകുന്നതിനുമായി ജില്ല മാനസികാരോഗ്യ പദ്ധതി മുഖേനസംസ്ഥാ ചരിത്രത്തിലെ തന്നെ ഏറ്റവും വിപുലമായ ഒ വർഷം നീണ്ടുനിൽക്കുന്ന "ഒറ്റക്കല്ല ഒപ്പമുണ്ട് "എന ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്ക ആരോഗ്യവകുപ്പിന് കീഴിലുള്ള ജില്ല മാനസികാരോഗ്യ പദ്ധതിയുടെ നേതൃത്വത്തിൽ പ്രത്യേക സൈക്കോ-സോഷ്യൽ ഇന്റർവെൻഷ ടീം രൂപീകരിച്ചു. ഇതിന്റെ പ്രവർത്തനങ്ങ ഏകോപിപ്പിക്കുന്നതിനും ആവശ്യമാ നിർദ്ദേശങ്ങൾ നൽകുന്നതിനുമാ സംസ്ഥാനതല ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവ ചേർത്ത് ഒരു കോർ ടീമും, അനുബന്ധ ഗ്രൂപ്പുക രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ദുര ബാധിത പ്രദേശങ്ങളിൽ സേവന നൽകുന്നതിനായി നൂറോളം ആരോ പ്രവർത്തകരെ ഉൾപ്പെടുത്തി വിവിധ ടീമുക രൂപീകരിച്ചു. ഓരോ ടീമിലും ഒരു സൈക്കാട്രിസ്റ്റ സൈക്കാട്രിക് സോഷ്യൽ വർക്കൽ, ക്ലിനിക്ക സൈക്കോളജിസ്റ്റ്, കൗൺസിലർ എന്നീ വിഭാ ജീവനക്കാരെ ഉൾപ്പെടുത്തി.ഇവർക്കായു പ്രത്യേക സൈക്കോ സോഷ്യൽ ട്രെയിനിം സംസ്ഥാനതലത്തിൽ ഏകോപിപ്പിച്ചു. കൃത്യമാ മാർഗ്ഗരേഖ തയ്യാറാക്കി സമഗ്രമായ ഏകോപന ഉറപ്പാക്കി. ഇവർ ഓരോ ക്യാമ്പുക സന്ദർശിക്കുകയും പിന്തുണ ആവശ്യമുള്ളവ കണ്ടെത്തുകയും തുടർ ചികിൽസ ഉറപ്പാക്കുക ചെയ്തു. സ്ത്രീകൾക്കും, ഗർഭിണികൾക്കും, കുട്ടികൾക്ക പ്രത്യേക പരിഗണന നൽകിയാ പ്രവർത്തനങ്ങൾ ക്രമീകരിച്ചത്. ക്യാമ്പുകളി നിന്നും ആളുകൾവീടുകളിലേക്ക് മടങ്ങാ തുടങ്ങിയപ്പോൾ ആ ടീം ഭവന സന്ദർശന ഉറപ്പാക്കി. ദുരിതാശ്വാസ പ്രവർത്തനങ്ങളി ഏർപ്പെട്ടിരുന്ന പോലീസ്, ഫയർഫോഴ്സ് , സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് സ്ട്രെസ് മാനേജ്മെ പ്രവർത്തനങ്ങളും പ്രസ്തുത ടീം ഏറ്റെടുത്ത് നടത്ത പദ്ധതിയുടെ തുടർപ്രവർത്തനങ്ങ പുരോഗമിക്കുകയാണ്. ഇതിന്റെ വിശദമാ കണക്ക് **അനുബന്ധമായി** ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മേഖലയിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് തുടരുന്നതെന്ന് വിശദമാക്കുമോ? | (ഡി) | ദുരന്ത മേഖലയിലുള്ളവരിൽ അർഹതയുള്ളവരുടെ പട്ടിക തയ്യാറാക്കി കണ്ണട, വാക്കിംഗ് സ്റ്റിക്ക്, വീൽ ചെയർ, ഹിയറിംഗ് എയ്ഡ് എന്നിവ നൽകുകയും ജീവിതശൈലി രോഗികൾക്ക് തുടർചികിത്സയും ജില്ലാ മാനസികാരോഗ്യ പദ്ധതി മുഖേന 24x7 മണിക്കൂറും കൗൺസിലിംഗും ഉറപ്പാക്കിയിട്ടുണ്ട്. പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതു തടയുന്നതിനായുള്ള മുൻ കരുതൽ എന്ന രീതിയിൽ പ്രത്യേക കൗണ്ടറുകൾ സജ്ജീകരിച്ചു. ഡോക്സിസൈക്ലിൻ, പ്രൊഫൈലാക്സിസ് എന്നിവ ഉറപ്പുവരുത്തി . |

സെക്ഷൻ ഓഫീസർ

| Activity Description | Numbers |
|---|---|
| No. of Psychosocial interventions given | 9006 |
| No. of Group sessions conducted | 269 |
| Total Participants in group sessions | 4552 |
| No. of persons given Pharmacotherapy in house visits | 306 |
| No. of persons given Pharmacotherapy in camps | 246 |
| Total No. of Trainings Conducted | 30 |
| No. of Personnel given capacity building | 1344 |
| Total number of home visits done for Psycho-Social Support | 964 |
| Tele consultations | 165 |